09-07-2022

SATURDAY

ശനിയാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ



## FARM INFORMATION BUREAU

Agriculture Development and Farmer's Welfare Department

GOVERNMENT OF KERALA


Chief Editor : Suraj S

Editor : Dr Asha T T

Farm Information Bureau, Kowdiar, Thiruvananthapuram -695003

Web site : fibkerala.gov.in, E-mail : piofibtvm@gmail.com, fibnewstvm@gmail.com

Telephone : 0471 - 2318186,2317314

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

## എഫ് ഐ ബി കാർഷികവാർത്തകൾ (FIB FARM NEWS)-09/07/2022.

1. പ്രധാനമന്ത്രി വിള ഇൻഷുറൻസ് പദ്ധതിയുടെയും കാലാവസ്ഥാധിഷ്ഠിത വിള ഇൻഷുറൻസ് പദ്ധതിയുടെയും ഈ സീസണിലേക്ക് ഉള്ള (ഖാരിഫ് 2022) വിജ്ഞാപനമായി. പ്രധാനമന്ത്രി വിള ഇൻഷുറൻസ് പദ്ധതിയിൽ വാഴയും മരച്ചിനിയുമാണ് വിജ്ഞാപനം ചെയ്തിട്ടുള്ളത്. കാലാവസ്ഥാധിഷ്ഠിത വിള ഇൻഷുറൻസ് പദ്ധതിയിൽ നെല്ല്, വാഴ, കവുങ്ങ്. ജാതി, കൊക്കോ, മഞ്ഞൾ, കുരുമുളക്, പച്ചക്കറികൾ ( പയർ,പടവലം, പാവൽ, കുമ്പളം, മത്തൻ, വെള്ളരി, വെണ്ട,പച്ചമുളക്) എന്നീ വിളകളാണ് കോഴിക്കോട് ജില്ലയിൽ വിജ്ഞാപനം ചെയ്തിട്ടുള്ളത്. പ്രധാനമന്ത്രി വിള ഇൻഷൂറൻസ് പദ്ധതിയിൽ ബ്ലോക്ക് പഞ്ചായത്ത് അടിസ്ഥാനമാക്കി സർക്കാർ സമർപ്പിക്കുന്ന വിളവിന്റെ ഡാറ്റ അനുസരിച്ച് വെള്ളക്കെട്ട്, ആലിപ്പഴമഴ, ഉരുൾപൊട്ടൽ, ഇടിമിന്നൽ മൂലം ഉണ്ടാകുന്ന തീപിടുത്തം, മേഘവിസ്ഫോടനം എന്നിവ മൂലമുള്ള വ്യക്തിഗത വിള നാശങ്ങൾക്കും പദ്ധതിയുടെ മാനദണ്ഡങ്ങളനുസരിച്ച് നഷ്ടപരിഹാരം ലഭ്യമാണ്. കാലാവസ്ഥാ അധിഷ്ഠിത വിള ഇൻഷുറൻസ് പദ്ധതിയിൽ ഓരോ പഞ്ചായത്തിനും വിജ്ഞാപനം ചെയ്തിട്ടുള്ള കാലാവസ്ഥാ നിലയത്തിൽ ഇൻഷുറൻസ് കാലയളവിൽ രേഖപ്പെടുത്തുന്ന കാലാവസ്ഥ ഡാറ്റ അനുസരിച്ചും, വെള്ളപ്പൊക്കം, കാറ്റ് (വാഴ. കവുങ്ങ്. കൊക്കോ. ജാതി, കുരുമുളക് എന്നീ വിളകൾക്ക് മാത്രം) ഉരുൾപൊട്ടൽ എന്നിവ മൂലമുള്ള വ്യക്തിഗത വിള നാശങ്ങൾക്കും പദ്ധതിയുടെ മാനദണ്ഡം അനുസരിച്ച് നഷ്ടപരിഹാരം ലഭ്യമാണ്. ഓരോ ഇൻഷുറൻസ് തുകയും പ്രീമിയം നിരക്കും വ്യത്യസ്തമായിരിക്കും. പദ്ധതിയിൽ ചേരേണ്ട അവസാന തീയതി 31.07.2022. കർഷകർക്ക് ഓൺലൈനായും (**www.pmfby.gov.in**) , സി എസ് സി ഡിജിറ്റൽ സേവാ കേന്ദ്രങ്ങൾ വഴിയും, ഇൻഷുറൻസ് ബ്രോക്കർ പ്രതിനിധികൾ, മൈക്രോ ഇൻഷുറൻസ് പ്രതിനിധികൾ വഴിയും പദ്ധതിയിൽ ചേരാവുന്നതാണ്. വിജ്ഞാപിത വിളകൾക്ക് വായ്പ എടുത്ത കർഷകരെ അതാത് ബാങ്കുകൾ പദ്ധതിയിൽ ചേർക്കേണ്ടതാണ്. പൂരിപ്പിച്ച അപേക്ഷയോടൊപ്പം ആധാറിന്റെ കോപ്പി, നികുതി രസീതിന്റെ കോപ്പി, ബാങ്ക് പാസ്ബുക്ക് കോപ്പി, പാട്ടത്തിന് കൃഷി ചെയ്യുന്ന കർഷകരാണ് എങ്കിൽ പാട്ടക്കരാർ കോപ്പി എന്നിവ കൂടി സമർപ്പിക്കേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക് അടുത്തുള്ള കൃഷി ഭവനുമായോ അഗ്രിക്കൾച്ചർ

ഇൻഷുറൻസ് കമ്പനിയുടെ റീജിയണൽ ഓഫീസുമയോ 0471 2334493 എന്ന ഫോൺ നമ്പരിലോ, 1800-425-7064 ടോൾ ഫ്രീ നമ്പരിലോ ബന്ധപ്പെടേണ്ടതാണ്.

2. ക്ഷീരവികസന വകുപ്പ് വാർഷിക പദ്ധതി 2022-2023 **തീറ്റപ്പുൽകൃഷി വ്യാപന പദ്ധതി** 20 സെന്റിൽ കൂടുതൽ തീറ്റപ്പുൽകൃഷി നടപ്പിലാക്കുന്നതിന് സബ്സിഡി നൽകുന്നു. താൽപര്യമുള്ളവർ ഈ മാസം 10 (ജൂലൈ 10) വരെ വകുപ്പിന്റെ https://ksheerasree.kerala.gov.in എന്ന പോർട്ടൽ മുഖേന ഓൺലൈനായി രജിസ്റ്റർ ചെയ്ത് അപേക്ഷ സമർപ്പിക്കാവുന്നതാണെന്ന് ആര്യനാട് ഡയറി എക്സ്റ്റെൻഷൻ ഓഫീസർ അറിയിക്കുന്നു. കൂടുതൽ വിവരങ്ങൾക്ക് ബ്ലോക്ക് തലത്തിൽ പ്രവർത്തിക്കുന്ന ക്ഷീരവികസന യൂണിറ്റുമായി ബന്ധപ്പെടാവുന്നതാണ്.

3. കേരള സംസ്ഥാന ജൈവവൈവിധ്യ ബോർഡ് 2021-22 ലെ ജൈവവൈവിധ്യ പുരസ്കാരങ്ങൾക്ക് അപേക്ഷകളും നാമനിർദ്ദേശങ്ങളും ക്ഷണിക്കുന്നു. ആകെ 11 വിഭാഗങ്ങളിലായാണ് അവാർഡുകൾ. ഇതിൽ 6 അവാർഡുകൾ വ്യക്തിഗത പ്രവർത്തനങ്ങൾക്കും 5 അവാർഡുകൾ സ്ഥാപനങ്ങൾക്കും ഉള്ളതാണ്. വ്യക്തിഗത പുരസ്കാരങ്ങൾക്ക് ബന്ധപ്പെട്ടവർക്ക് അർഹരായ വ്യക്തികളെ നാമനിർദ്ദേശം ചെയ്യാവുന്നതാണ്. അവാർഡ് അപേക്ഷകൾ/നാമനിർദ്ദേശങ്ങൾ ഓൺലൈൻ ആയി ksbbawards2022@gmail.com എന്ന ഇമെയിൽ വഴിയും ഓഫ്ലൈനായും **ജൂലൈ 31ന്** മുൻപായി മെമ്പർ സെക്രട്ടറി, കേരള സംസ്ഥാന ജൈവവൈവിധ്യ ബോർഡ്, കൈലാസം, റ്റി.സി. 24/3219, നം. 43, ബെൽഹാവൻ ഗാർഡൻസ്, കവടിയാർ പി.ഒ, തിരുവനന്തപുരം-695003 വിലാസത്തിൽ അയയ്ക്കേണ്ടതാണ്. വിശദവിവരങ്ങളും അപേക്ഷകയുടെ മാതൃകയും www.keralabiodiversity.org എന്ന വെബ്സൈറ്റിൽ ലഭ്യമാണ്. കൂടുതൽ വിവരങ്ങൾക്ക് **0471 2724740** എന്ന ഫോൺ നമ്പരിൽ ബന്ധപ്പെടുക.

4. കുടപ്പനക്കുന്ന് പ്രാദേശിക കോഴി വളർത്തൽ കേന്ദ്രത്തിൽ നിന്നും ഒരു ദിവസം പ്രായമായ കോഴി കുഞ്ഞുങ്ങൾ 10 രൂപ നിരക്കിൽ 25 എണ്ണത്തിൽ കൂടുതൽ പൂവൻ കുഞ്ഞുങ്ങളുടെ ബുക്കിംഗ് എല്ലാ പ്രവർത്തി ദിവസങ്ങളിലും 10 മണി മുതൽ 3 മണി വരെ സ്വീകരിക്കുന്നതാണ്. ഈ മാസം 12-നും (ജൂലൈ 12) വിൽപ്പന ഉണ്ടായിരിക്കുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് **0471 2730804** എന്ന ഫോൺ നമ്പരിൽ ബന്ധപ്പെടുക.

5. പ്രകൃതിദത്തറബ്ബറിന്റെ ഇലക്ട്രോണിക് ട്രേഡിങ് പ്ലാറ്റ്ഫോമായ 'എംറൂബി' (mRube) പോർട്ടലിലൂടെ വ്യാപാരം നടത്തുന്ന റബ്ബറിന് കുറഞ്ഞ നിരക്കിൽ ഗുണമേന്മാസർട്ടിഫിക്കേഷൻ നൽകുന്നതിനുള്ള പദ്ധതി ആരംഭിക്കുന്നു. പോർട്ടലിലൂടെ വ്യാപാരം ചെയ്യുന്ന ഉത്പന്നനിർമ്മാതാക്കളിൽ നിന്ന് ഒരു മെട്രിക് ടൺ റബ്ബറിന് ഒരു രൂപ എന്ന നിരക്ക് ഈടാക്കിക്കൊണ്ടായിരിക്കും സർട്ടിഫിക്കേഷൻ നൽകുക. പ്രകൃതിദത്തറബ്ബറിന്റെ ആഭ്യന്തര വിതരണശൃംഖലയുടെ കാര്യക്ഷമത മെച്ചപ്പെടുത്തുക എന്ന ഉദ്ദേശ്യത്തോടെയാണ് റബ്ബർബോർഡ് ഇലക്ട്രോണിക് പ്ലാറ്റ്ഫോം ആരംഭിച്ചിട്ടുള്ളത്. 'എംറൂബി'യിൽ ആർ.എസ്.എസ്., ഐ.എസ്.എൻ.ആർ., കോൺസെൻട്രേറ്റഡ് ലാറ്റക്സ് എന്നീ ഗ്രേഡുകൾക്കുള്ള ഈ പ്രത്യേക ഗുണമേന്മാസർട്ടിഫിക്കേഷൻ പദ്ധതി ജൂലൈ 11 മുതൽ 30 ദിവസത്തേക്ക് പ്രയോജനപ്പെടുത്താം. പ്രതിദിനം ഒരു ഇൻവോയ്സിന് പത്ത് മെട്രിക് ടൺ വരെ റബ്ബർ വാങ്ങുന്ന ഉപഭോക്താക്കൾക്ക് പദ്ധതിയുടെ പ്രയോജനം ലഭിക്കും. ഗുണമേന്മാസർട്ടിഫിക്കേഷനു വേണ്ടി ഓരോ ലൈസൻസിക്കും ആഴ്ചയിൽ രണ്ട് അപേക്ഷകൾ മാത്രമേ അനുവദനീയമാകൂ. അതേ സമയം അളവിൽ നിയന്ത്രണങ്ങളില്ലാതെ പോർട്ടലിൽ നിർദ്ദേശിച്ചിരിക്കുന്ന സാധാരണ നിരക്കുകളിൽ എത്ര ഗുണമേന്മാ സർട്ടിഫിക്കേഷനുകൾ വേണമെങ്കിലും ലഭ്യമാക്കാവുന്നതുമാണ്.

**പരിശീലന പരിപാടികൾ**

6. കാർഷിക സർവകലാശാലയിലെ ഹൈടെക്ക് റിസർച്ച് ആന്റ് ട്രെയിനിങ്ങ് യൂണിറ്റിൽ ഈ മാസം **20,21,22** (ജൂലൈ 20,21,22) തീയതികളിൽ പച്ചക്കറി കൃഷിക്കൊപ്പം മീൻ വളർത്തൽ കൂടി സാധിക്കുന്ന **അക്വാപോണിക്സ്** എന്ന കൃഷിരീതിയിൽ മൂന്ന് ദിവസത്തെ പരിശീലനം നടത്തുന്നു. വിവിധതരം അക്വാപോണിക്സ് സിസ്റ്റം രൂപകൽപ്പനകൾ, നിർമ്മാണം, പ്രവർത്തന ഉപയോഗ പരിപാലന രീതികൾ, വാട്ടർ ക്വാളിറ്റി ടെസ്റ്റിംഗും നിയന്ത്രണ മാർഗങ്ങളും, വള പ്രയോഗ മാർഗങ്ങൾ, രോഗകീടനിയന്ത്രണം, വിളകളുടെ പരിപാലനം എന്നിവയെക്കുറിച്ച് ക്ലാസുകൾ ഉണ്ടായിരിക്കുന്നതാണ്. താൽപര്യമുള്ളവർ **0487 2960079, 9037033547** എന്നീ ഫോൺ നമ്പരുകളിൽ വിളിച്ച് പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്.

7. മണ്ണുത്തി വെറ്ററിനറി കോളേജിലെ ഡയറി സയൻസ് ഡിപ്പാർട്ട്മെന്റിൽ വെച്ച് ഈ മാസം 15,16 (ജൂലൈ 15,16) തിയതികളിൽ **"പാലിൽ നിന്ന് മൂല്യവർദ്ധിത സ്നാക്സ് (snacks)'** എന്ന വിഷയത്തിൽ

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

ദ്വിദിന പരിശീലന പരിപാടി സംഘടിപ്പിക്കുന്നു. **ഫീസ് 1000 രൂപയാണ്.** കൂടുതൽ വിവരങ്ങൾക്ക് **9744481598** എന്ന ഫോൺ നമ്പരിൽ ബന്ധപ്പെടുക.

8. പത്തനംതിട്ട ജില്ലയിലെ അടൂർ അമ്മകണ്ടകരയിൽ പ്രവർത്തിക്കുന്ന ഡയറി എന്റർപ്രണർഷിപ്പ് ഡെവലപ്പ്മെന്റ് സെന്ററിൽ ഈ മാസം **13,14** തീയതികളിൽ (ജൂലൈ 13,14) **ശുദ്ധമായ പാലുത്പാദനം** എന്ന വിഷയത്തിൽ പരിശീലനം നടത്തുന്നു. താൽപര്യമുള്ളവർ **0473 4299869, 9495390436, 9446453247** എന്നീ ഫോൺ നമ്പരുകളിൽ വിളിച്ചോ വാട്ട്സാപ്പ് സന്ദേശം അയച്ചോ പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്. പരിശീലനത്തിനു പങ്കെടുക്കുന്നവർ രണ്ട് ഡോസ് കോവിഡ് വാക്സിൻ സ്വീകരിച്ചവർ ആയിരിക്കണം. ആദ്യം രജിസ്റ്റർ ചെയ്യുന്ന 40 പേർക്കാണ് പരിശീലനത്തിൽ പങ്കെടുക്കാൻ സാധിക്കുക.

9. തിരുവല്ല മഞ്ഞാടി ഡക്ക് ഹാച്ചറി പരിശീലന കേന്ദ്രത്തിൽ വച്ച് ഈ മാസം 13,14 (13/07/22, 14/07/22) തീയതികളിൽ രാവിലെ 10 മുതൽ 5 വരെ **ആട് വളർത്തൽ** എന്ന വിഷയത്തിൽ പരിശീലന ക്ലാസ്സ് നടത്തുന്നു. താൽപര്യമുള്ളവർ **0469-2965535** എന്ന ഫോൺ നമ്പരിൽ വിളിച്ചോ **9188522711** എന്ന വാട്ട്സാപ്പ് നമ്പരിൽ വാട്ട്സാപ്പ് സന്ദേശം അയച്ചോ പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്.

10. കോട്ടയം ജില്ലയിലെ തലയോലപ്പറമ്പ് മൃഗസംരക്ഷണ പരിശീലന കേന്ദ്രത്തിൽ ഈ **മാസം 13,14,15 തീയതികളിൽ വളർത്തുനായ്ക്കളുടെ പരിപാലനം, 19,20 തീയതികളിൽ ആട് വളർത്തൽ, 22-ന് പോത്ത് വളർത്തൽ, 26,27 തീയതികളിൽ മുട്ടക്കോഴി വളർത്തൽ** തുടങ്ങിയ വിഷയങ്ങളിൽ പരിശീലനം സംഘടിപ്പിക്കുന്നു. താൽപര്യമുള്ളവർ ഓഫീസ് സമയങ്ങളിൽ **04829-234323** എന്ന ഫോൺ നമ്പരിൽ വിളിച്ചോ, **9188522706** എന്ന വാട്ട്സാപ്പ് നമ്പരിൽ സന്ദേശം അയച്ചോ മുൻകൂട്ടി പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്.

11. **കൊല്ലം സദാനന്ദപുരം കൃഷി വിജ്ഞാന കേന്ദ്രത്തിൽ പ്രവർത്തിച്ചുവരുന്ന ഡിസ്ട്രിക്ട് അഗ്രോമെറ്റ് യൂണിറ്റ് നൽകുന്ന കാർഷിക നിർദ്ദേശങ്ങൾ**

കൊല്ലം ജില്ലയുടെ വിവിധ ഭാഗങ്ങളിൽ **ബനാന സ്ട്രീക് വൈറസ് രോഗം** കൂടുതലായി കണ്ടു വരുന്ന സാഹചര്യത്തിൽ വാഴ കർഷകർ ജാഗ്രത പാലിക്കുക. തുടക്കത്തിൽ മഞ്ഞ നിറത്തിലുള്ള ചെറിയ പാടുകൾ ഇലകളിൽ പ്രത്യക്ഷപ്പെടുകയും തുടർന്ന് ഈ പാടുകൾ നീളത്തിലുള്ള മഞ്ഞ വരകളായി

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT
**FARM INFORMATION BUREAU**
Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

രൂപാന്തരപ്പെടുകയും ചെയ്യുന്നതാണ് രോഗ ലക്ഷണം. ഈ ലക്ഷണങ്ങൾ ശ്രദ്ധയിൽപ്പെട്ടാൽ രോഗം മറ്റു വാഴകളിലേക്ക് പടരാതിരിക്കുന്നതിനായി രോഗം ബാധിച്ച വാഴകൾ പിഴുതു മാറ്റി നശിപ്പിച്ചു കളയേണ്ടതാണ്. രോഗ ബാധയുള്ള പ്രദേശങ്ങളിൽനിന്നും കന്നുകൾ തിരഞ്ഞെടുക്കാതിരിക്കുക. വൈറസ് രോഗ വാഹകരായ മീലി മുട്ടകളെ നിയന്ത്രിക്കുകയും ചെയ്യുക.

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം